"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം- ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ചിൽ ഒന്നാം വർഷ പി.ജി. വിദ്യാർത്ഥിനിയായ ഡോ. ലിനറ്റ് ജോർജ്ജിന് ഭാരതീയ ചികിത്സ വകുപ്പിലെ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.60/2024/AYUSH തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.02.2024 ലെ ജി3/230/2024/ഡി.എ.എം.ഇ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ചിൽ ഒന്നാം വർഷ പി.ജി. (ശല്യതന്ത്ര) വിഭാഗം വിദ്യാർത്ഥിനിയായ ഡോ. ലിനറ്റ് ജോർജ്ജിന് ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേക്ക് നിയമന ഉത്തരവ് ലഭിച്ചതായും ജോലിയിൽ പ്രവേശിക്കുന്നതിനായി ടി വിദ്യാർത്ഥിനിയെ പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പി.ജി. പ്രോസ്പെക്ടസിലെ ബന്ധപ്പെട്ട നിബന്ധനകൾക്ക് വിധേയമായി ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ചിൽ ഒന്നാം വർഷ പി.ജി. (ശല്യതന്ത്ര) വിഭാഗം വിദ്യാർത്ഥിനിയായ ഡോ. ലിനറ്റ് ജോർജ്ജിന് ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനും പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡോ. ലിനറ്റ് ജോർജ്ജ് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ , ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച്

(ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 19-02-2024 15:49:38

സെക്ഷൻ ഓഫീസർ